43/DGE/HSE/NSS/2023

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com

തീയതി : 11.09.2023

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസവകുപ്പ് ഹയർ സെക്കന്ററി വിഭാഗം എൻ.എസ്.എസ്. – സംസ്ഥാന പോലീസ് വകുപ്പിന്റെ പോൾ ബ്ലഡ്-ആപ്പ് സംവിധാനവുമായി ചേർന്ന് – രക്തദാന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന : 1) പൊതുവിദ്യാഭ്യാസവകുപ്പ് അണ്ടർ സെക്രട്ടറിയുടെ 08/08/2023 ലെ സ.ഉ.(സാധാ) നം.4577/2023 GEDN നമ്പർ ഉത്തരവ്

2) എൻ.എസ്.എസ്. ഹയർ സെക്കന്ററി ഉപദേശകസമിതി തീരുമാനം നം.11

സംസ്ഥാന പോലീസ് വകുപ്പിന്റെ ''പോൾ ബ്ലഡ്-ആപ്പ്'' ഉപയോഗപ്പെടുത്തി രക്തദാതാക്കളെ കണ്ടെത്തുവാനും രക്തം ആവശ്യമുള്ളവർക്ക് താമസം കൂടാതെ നൽകുവാനും പോൾ ബ്ലഡും ഹയർ സെക്കന്ററി എൻ.എസ്.എസ്. വിഭാഗത്തിന്റെ ജീവദ്യുതി പദ്ധതിയുമായി ചേർന്ന് യോജിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സൂചന ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും ഈ പ്രവർത്തനത്തിൽ പങ്കാളിയാകുന്നു.

''ജീവദ്യുതി-പോൾ ബ്ലഡ്'' കാമ്പയിനുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ യൂണിറ്റുതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

I. **ഹ്രസ്വചിത്ര നിർമ്മാണം**

- സന്നദ്ധരക്തദാനം എന്ന വിഷയം സംബന്ധിച്ച ഹ്രസ്വചിത്രം
- അഞ്ച് മിനിറ്റ് പരമാവധി ദൈർഘ്യം
- സംവിധാനം, ചിത്രീകരണം, എഡിറ്റിംഗ്, ഡബ്ബിങ് തുടങ്ങി ഹ്രസ്വചിത്രനിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും വിദ്യാർത്ഥികൾതന്നെ ചെയ്യണം.
- മൊബൈൽ ക്യാമറയോ വീഡിയോ ക്യാമറയോ ഉപയോഗിക്കാം.
- ഹ്രസ്വചിത്രം സി.ഡി.യിൽ ആക്കി അതാത് ജില്ലാ കൺവീനർമാർക്ക് സെപ്റ്റംബർ 30 നു മുമ്പായി അയക്കുക. അതോടൊപ്പം വിദ്യാർത്ഥികൾ സ്വന്തമായി തയ്യാറാക്കിയതാണെന്നുള്ള സ്കൂൾ പ്രിൻസിപ്പലിന്റെ സർട്ടിഫിക്കറ്റ് കൂടി അയക്കുക.
- ജില്ലാതലത്തിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് ചിത്രങ്ങൾ സംസ്ഥാനതല വിലയിരുത്തലിനുവേണ്ടി ജില്ലാ കൺവീനർമാർ ഒക്ടോബർ 5 ന് മുൻപായി സംസ്ഥാന സെല്ലിൽ അയച്ചു നൽകേണ്ടതാണ്.
- ജില്ലാതല വിലയിരുത്തലിനായി ടി മേഖലയിലെ പരിചയ സമ്പന്നരായവരെ ചേർത്ത് റീജിയണൽ കൺവീനർമാരുമായി ചർച്ച ചെയ്ത് പാനൽ തയ്യാറാക്കി എൻ.എസ്.എസ്. സെല്ലിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

II. **ഒക്ടോബർ 1 "രക്തദാന സന്ദേശ ശൃംഖല"**

- ദേശീയ സന്നദ്ധ രക്തദാന ദിനമായ ഒക്ടോബർ 1 നു വൈകിട്ട് 4 മണി മുതൽ4.10 വരെ സ്കൂളിന്റെ മുൻപിൽ എൻ.എസ്.എസ്. വോളന്റിയേഴ്സ് മറ്റുള്ള വിദ്യാർത്ഥികളെകൂടി ഉൾപ്പെടുത്തി ശൃംഖല സൃഷ്ടിക്കുക.
- പൊതുജനങ്ങൾ ശ്രദ്ധിക്കുന്ന സ്ഥലത്താവണം 'സന്ദേശ ശൃംഖല' സംഘടിപ്പിക്കേണ്ടത്.
- രക്തദാനവുമായി ബന്ധപ്പെട്ട പ്ലക്കാർഡുകളും ബോർഡുകളും ബാനറുകളും മുദ്രാവാക്യങ്ങളും തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്.

IV. **പോസ്റ്റ് കാർഡ് ക്യാമ്പയിൻ**

- വിദ്യാർത്ഥികൾ ഓരോരുത്തരും കുറഞ്ഞത് 5 പോസ്റ്റുകാർഡുകൾ വീതം സന്നദ്ധ രക്തദാനവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ എഴുതി സുഹൃത്തുക്കൾക്ക് അയക്കുക.
- 2023 നവംബർ ആദ്യവാരം ഈ പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.

V. **രക്തദാനബോധവത്ക്കരണ ക്ലാസ്സുകൾ**

- രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനു മുൻപായി ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കണം. രക്തദാനവുമായി ബന്ധപ്പെട്ട തെറ്റുധാരണകളും അജ്ഞതയും മാറാൻ സഹായിക്കുന്ന തരത്തിലാവണം ക്ലാസ് സംഘടിപ്പിക്കേണ്ടത്.

VI. **രക്തദാനക്യാമ്പുകൾ**

- ഒരു അധ്യയന വർഷം ഒരു എൻ.എസ്.എസ്. യൂണിറ്റ് കുറഞ്ഞത് ഒരു രക്തദാന ക്യാമ്പെങ്കിലും സംഘടിപ്പിച്ചിരിക്കണം.
- ക്യാമ്പ് സംഘടിപ്പിക്കാനായുള്ള എൻ.എസ്.എസ്. യൂണിറ്റിന്റെ സന്നദ്ധത മെയിൽ മുഖാന്തിരം പോൾ ബ്ലഡ് കൺട്രോൾ റൂമിനെ അറിയിക്കാവുന്നതാണ്.
- ക്യാമ്പിന് ശേഷം ക്യാമ്പിൽ പങ്കെടുത്തവരുടെ വിവരങ്ങൾ, ചിത്രങ്ങൾ എന്നിവ അടങ്ങുന്ന റിപ്പോർട്ട് പോൾ ബ്ലഡ് കൺട്രോൾ റൂമിനു മെയിൽ മുഖാന്തിരം അയക്കണം.
- ക്യാമ്പിനായി രക്തദാതാക്കളെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ക്യാമ്പിന് വേണ്ട ക്രമീകരണങ്ങളും ഇതിനോടൊപ്പം ചേർക്കുന്നു.
- രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നമ്പറുകളിൽ/ഇ-മെയിൽ അഡ്രസ്സുകളിൽ ബന്ധപ്പെടേണ്ടതാണ്.

VI **പോൾ-ബ്ലഡ് പരിചയപ്പെടുത്തലും പോൾ ആപ്പ് ഇൻസ്റ്റാലേഷനും**

- ഈ അധ്യയന വർഷം ഒരു എൻ.എസ്.എസ്. വോളന്റിയർ കുറഞ്ഞത് 10 പേരെ പോൾ ആപ്പിന്റെയും പോൾ ബ്ലഡിന്റെയും സേവനങ്ങൾ പറഞ്ഞു മനസിലാക്കി പോൾ ആപ്പ് ഇൻസ്റ്റാൾ ചെയ്യിപ്പിക്കുക.
- ഈ പ്രവർത്തനത്തിലൂടെ കുറഞ്ഞത് പോൾ ആപ്പിന്റെ 10 ലക്ഷം ഇൻസ്റ്റാലേഷൻ ആണ് ഉദ്ദേശിക്കുന്നത്.
- ഈ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ തുടർ സർക്കുലറിൽ പരാമർശിക്കുന്നതാണ്.

NATIONAL SERVICE SCHEME H.S.E. TVPM DIRECTORATE OF GENERAL EDUCATION

പ്രോഗ്രാം കോ-ഓർഡിനേറ്റർ

1. **രക്തദാനക്യാമ്പുകൾ**

- ഒരു അധ്യയന വർഷം ഒരു എൻ.എസ്.എസ് യൂണിറ്റ് കുറഞ്ഞത് 2 രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കണം.
- ക്യാമ്പ് സംഘടിപ്പിക്കാനായുള്ള എൻ.എസ്.എസ് യൂണിറ്റിന്റെ സന്നദ്ധത മെയിൽ മുഖാന്തരം പോൾ ബ്ലഡ് കൺട്രോൾ റൂമിനെ അറിയിക്കാവുന്നതാണ്
- ക്യാമ്പിന് ശേഷം ക്യാമ്പിൽ പങ്കെടുത്തവരുടെ വിവരങ്ങൾ (രജിസ്റ്റർ ചെയ്തവരുടെ എണ്ണം,രക്തദാനം നടത്തിയവരുടെ എണ്ണം രക്തദാതാവിന്റെ പേര്,ബ്ലഡ് ഗ്രൂപ്പ്,ഫോൺ നമ്പർ), ക്യാമ്പിന്റെ ചിത്രങ്ങൾ എന്നിവ അടങ്ങുന്ന റിപ്പോർട്ട് പോൾ ബ്ലഡ് കൺട്രോൾ റൂമിനു മെയിൽ മുഖാന്തരം അയക്കണം.
- ക്യാമ്പിനായി രക്തദാതാക്കളെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ക്യാമ്പിന് വേണ്ട ക്രമീകരണങ്ങളും ഇതിനോടൊപ്പം ചേർക്കുന്നു.
- രക്തദാനക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി താഴെ പറയുന്ന നമ്പറിൽ/ഇമെയിൽ അഡ്രസിൽ ബന്ധപ്പെടേണ്ടതാണ്
  പോൾ ബ്ലഡ് കൺട്രോൾ റൂം ഫോൺ നമ്പർ:9497903949
  ഇമെയിൽ ഐ.ഡി - polbloodproject@gmail.com

**രക്തദാനം ആർക്കൊക്കെ ചെയ്യാനാകും?**

- പ്രായം:18–65 വയസ്സ്
- ഭാരം: 45 കിലോ അല്ലെങ്കിൽ അതിൽ കൂടുതൽ
- ഹീമോഗ്ലോബിൻ: പുരുഷനും സ്ത്രീക്കും $\geq$ 12.5 g/dl
- പുരുഷന്മാർക്ക് 3 മാസത്തിലൊരിക്കലും സ്ത്രീകൾക്ക് 4 മാസത്തിലൊരിക്കലും രക്തദാനം ചെയ്യാം.
- തലേദിവസം രാത്രി കുറഞ്ഞത് 6 മണിക്കൂറെങ്കിലും ഉറങ്ങിയിരിക്കണം.
- കഴിഞ്ഞ 2 ആഴ്ചയിൽ അണുബാധയോ പനിയോ ഉണ്ടായിരിക്കരുത്. ശരീരത്തിൽ മുറിവുകൾ ഉള്ളവർ രക്തദാനം ചെയ്യരുത്
- കഴിഞ്ഞ 24 മണിക്കൂറിൽ മദ്യപാനം പാടില്ല.
- ഏതെങ്കിലും വാക്സിൻ സ്വീകരിച്ചിട്ടുണ്ടെങ്കിൽ 2 മുതൽ 4 ആഴ്ച കഴിഞ്ഞേ രക്തദാനം ചെയ്യാൻ സാധിക്കു
- പേവിഷബാധയ്ക്ക് വാക്സിനേഷൻ എടുത്തവർക്കും ശരീരത്തിൽ ടാറ്റൂ അടിച്ചവർക്കും ഒരു വർഷം കഴിഞ്ഞാലേ രക്ത ദാനം നടത്താൻ പറ്റു.
- നിലവിൽ ആർത്തവമോ മുലയൂട്ടുന്നതോ ആയ സ്ത്രീകൾ രക്തദാനത്തിൽ നിന്ന് വിട്ടുനിൽക്കണം

- ഒരു വർഷത്തിനുള്ളിൽ ഹെപ്പറ്റൈറ്റിസ് എ ബാധിച്ചവർ രക്തദാനത്തിൽ നിന്ന് വിട്ടുനിൽക്കണം.
- പൂർണ്ണമായും മയക്കി ചെയ്യുന്ന ശസ്ത്രക്രിയകൾക്ക് വിധേയമായിട്ടുണ്ടെങ്കിൽ ഒരു വർഷം കഴിഞ്ഞാലേ രക്ത ദാനം നടത്താൻ പറ്റു. ഭാഗികമായി മരവിപ്പിച്ച് ചെയ്യുന്ന ശസ്ത്രക്രിയകൾക്ക് വിധേയമായിട്ടുണ്ടെങ്കിൽ 6 മാസം കഴിഞ്ഞാലേ രക്തദാനം നടത്താൻ പാടുള്ളു.
- കഴിഞ്ഞ 6 മാസത്തിനുള്ളിൽ റൂട്ട് കനാൽ പോലുള്ള ദന്ത ശസ്ത്രക്രിയകൾ ചെയ്തവർ ആവരുത്.
- രക്താതിസമ്മർദ്ദം, പ്രമേഹം, തൈറോയിഡ് തകരാറുകൾ മരുന്നു കഴിക്കുന്നതിലൂടെയോ അല്ലാതെയോ നിയന്ത്രണത്തിലാണെങ്കിൽ രക്തം ദാനം ചെയ്യാം.
- ഹൃദ്രോഗം, രക്തം കട്ടികുറയ്ക്കാൻ ഉപയോഗിക്കുന്ന മരുന്നുകൾ കഴിക്കുന്നവർ , ഇൻസുലിൻ, സ്റ്റീറോയിഡുകൾ, ഇൻ ഹെയ്ലറുകൾ, ജന്നി, ദീർഘകാലത്തെ ചികിത്സ നിർദ്ദേശിക്കുന്ന മറ്റ് രോഗങ്ങൾ എന്നിവയുടെ ചരിത്രമുള്ളവർ രക്തദാനം ചെയ്യരുത്. ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി, എച്ച്ഐ.വി തുടങ്ങിയ അണുബാധകൾ രക്തത്തിലൂടെ എളുപ്പം പകരുന്നതാണ്. അതിനാൽ അത്തരം അണുബാധയുള്ളവരും, സാദ്ധ്യതയുള്ള വ്യക്തികളും രക്തദാനം ചെയ്യരുത്. വൃക്ക രോഗം ഉള്ള വ്യക്തികൾ, കാൻസർ രോഗമുള്ളവർ എന്നിവർ രക്തദാനം ചെയ്യരുത്.

**വിജയകരമായി രക്തദാന ക്യാമ്പ് സംഘടിപ്പിക്കാൻ താഴെ പറയുന്നവ ശ്രദ്ധിക്കുക**

- ക്യാമ്പ് സംഘടിപ്പിക്കുന്നത് മതിയായ സ്ഥലവും സൗകര്യവും ഉള്ളിടത്ത് ആവണം.വൃത്തിയുള്ള സ്ഥലവും ആയിരിക്കണം.
- തടസ്സമില്ലാത്ത വൈദ്യുതി സൗകര്യം(ഫാനും ലൈറ്റും പ്ലഗ് പോയിന്റും) ഉറപ്പുവരുത്തുക.
- മതിയായ വെളിച്ചമുള്ള സ്ഥലമായിരിക്കണം.
- മാലിന്യ സംസ്കരണത്തിനുള്ള സൗകര്യം ഉറപ്പുവരുത്തുക.
- കൈകൾ കഴുകാനുള്ള സൗകര്യം ഉറപ്പുവരുത്തുക.
- രജിസ്ട്രേഷനായുള്ള കസേരകൾ, മെഡിക്കൽ ചെക്കപ്പിനായും രക്തദാന നടപടിക്രമങ്ങൾ എന്നിവയ്ക്കായുള്ള മതിയായ കട്ടിലുകൾ എന്നിവ ക്രമീകരിക്കുക
- ക്യാമ്പ് ഏരിയയിലും റിഫ്രഷ്മെന്റ് ഏരിയയിലും ഡിസ്പോസിബിൾ ഗ്ലാസുകൾ ഉപയോഗിച്ച് ശുദ്ധമായ കുടിവെള്ളം ക്രമീകരിക്കുക.

- ദാതാവിന്റെ രജിസ്ട്രേഷൻ, മെഡിക്കൽ ചെക്കപ്പുകൾ, റിഫ്രഷ്മെന്റ് എന്നിവയ്ക്ക് മെഡിക്കൽ ടീമിനെ ക്യാമ്പ് നടത്തുന്ന സ്ഥലത്തെ സന്നദ്ധ പ്രവർത്തകർ സഹായിക്കണം.
- രക്തദാന ക്യാമ്പിലെ അംഗങ്ങൾക്കും ദാതാക്കൾക്കും മാർഗനിർദേശം നൽകുന്നതിനായി പ്രവേശന കവാടത്തിലും രജിസ്ട്രേഷൻ ഏരിയകളിലും ഡൊണേഷൻ ഏരിയകളിലും രക്തദാന ബാനറുകൾ ആവശ്യമെങ്കിൽ സ്ഥാപിക്കാം.
- ക്യാമ്പ് നടത്തുന്ന രക്തബാങ്കുകളുമായി ബന്ധപ്പെട്ട് കാര്യങ്ങളിൽ കൃത്യമായ ധാരണ ഉണ്ടാക്കണം

**രക്തദാനക്യാമ്പ് ഏരിയ ഇത്തരത്തിൽ ക്രമീകരിക്കുക**

